പി.എസ്.സി.യിൽ നിന്ന് അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം

155 (3109) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമനത്തിന് പി.എസ്.സി.യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിച്ചവരിൽ മുഴുവൻ പേർക്കും നിയമനം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ട് എത്ര കാലമായി എന്നറിയിക്കാമോ ;

(സി) ഈ തസ്തിക മുഖേനയുള്ള നിയമനം ഉടൻ നൽകണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

(ഇ) മേൽപ്പറഞ്ഞ ഉദ്യോഗാർത്ഥികൾക്ക് നിയമനം എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ രണ്ടാംഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് 188 പേർക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിയെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിലെ അപാകത കാരണം 94 പേർക്ക് നിയമനം നൽകിയിട്ടില്ല.

(ബി) 9 മാസത്തോളമായി.

(സി) ഉണ്ട്.

(ഡി) സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ 94 പേരുടെ നിയമന ശുപാർശ ക്യാൻസൽ ചെയ്യുവാൻ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. കൂടാതെ ആദ്യ പകുതിയിലെ 9 പേരെ റീട്രഞ്ച് ചെയ്യുവാനും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ കോടതി വിധി പുനഃപരിശോധിക്കാൻ വേണ്ടിയുള്ള റിവ്യൂ പെറ്റീഷനും സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) കോടതി തീരുമാനം ആകുന്ന മുറയ്ക്ക് ഈ കാര്യം പരിശോധിക്കുന്നതാണ്.

ഇടുക്കി ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിലെ ഒഴിവുള്ള തസ്തികകൾ

156 (3110) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ താലൂക്ക് ജില്ലാ ആശുപത്രികളിലും പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലുമായി സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, ജെ.പി.എച്ച്.എൻ. എന്നിവരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly